LIBRARY ARCHIVES Kerala Legislative Assembly

**അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ വേതനം പരിഷ്കരിക്കാൻ നടപടി**

106 [3632] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺ എയ്ഡഡ് സ്കൂളുകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർദ്ധിച്ചുവരുന്ന അൺ എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളെ നിയന്ത്രിക്കാൻ നിലവിൽ വല്ല നിയമവുമുണ്ടോ;

(ഡി) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്കും, അദ്ധ്യാപകേതര ജീവനക്കാർക്കും നൽകിവരുന്ന ശമ്പളം വളരെ തുച്ഛമായതിനാൽ അവരുടെ വേതനവും മറ്റാനുകൂല്യങ്ങളും ന്യായമായ തോതിൽ ലഭ്യമാക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് അൺ എയ്ഡഡ് മേഖലയിൽ ആകെ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നെന്നും അവയിൽ എത്ര അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർ ഉണ്ടെന്നും വിശദമാക്കാമോ?

*ഉത്തരം*

(എ) ഉണ്ട്.

(ബി) അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകൾ കേരള വിദ്യാഭ്യാസ ചട്ടപ്രകാരമാണ് പ്രവർത്തിച്ചുവരുന്നത്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സകൂളുകളെ നിയന്ത്രിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ വേതനവും മറ്റ് ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) അൺ എയ്ഡഡ് മേഖലയിലെ അംഗീകൃത സ്കൂളുകളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.